**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **04.02.2019-ൽ മറുപടിക്ക്**

**ചോദ്യം നം. 1435**

**മത്സ്യത്തൊഴിലാളികൾക്ക് സംഭവിച്ച നാശനഷ്ടങ്ങൾ പരിഹരിക്കാൻ നടപടി**

**ചോദ്യം** **ഉത്തരം**

| | | | |
|---|---|---|---|
| | **ശ്രീ.വി.ഡി.സതീശൻ**<br>**,, കെ.സി.ജോസഫ്**<br>**,, ഷാഫി പറമ്പിൽ** | | **ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | 2018-ലെ പ്രളയ കാലത്ത് രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെട്ട മത്സ്യത്തൊഴിലാളികളുടെ വള്ളങ്ങൾക്കും മറ്റും സംഭവിച്ച നാശനഷ്ടങ്ങൾ പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | പ്രളയ ദുരന്തത്തിൽ രക്ഷാ പ്രവർത്തനം നടത്തുന്നതിനിടയിൽ കേടുപാടുകൾ സംഭവിച്ച മത്സ്യബന്ധന ഉപകരണങ്ങളുടെ തകരാർ പരിഹരിച്ചു നൽകുന്നതിനുവേണ്ടി മത്സ്യഫെഡിന്റെ കീഴിലുള്ള ജില്ലാതല ഉദ്യോഗസ്ഥർ ബന്ധപ്പെട്ട ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥരുമായി ചേർന്ന് കേടുപാടു വന്ന ഉപകരണങ്ങളുടെ നഷ്ടം തിട്ടപ്പെടുത്തുകയും അർഹരായവരുടെ ലിസ്റ്റ് സംയുക്തമായി തയ്യാറാക്കുകയും ചെയ്തു. തുടർന്ന് കേടുവന്ന മത്സ്യബന്ധന വള്ളങ്ങളുടെ തകരാർ സൗജന്യമായി പരിഹരിച്ചു നൽകുന്നതിനായി ഉടമകൾക്ക് സൗകര്യപ്രദമായ യാർഡുകളിലും എഞ്ചിനുകൾ റിപ്പയർ ചെയ്യുന്നതിന് മത്സ്യഫെഡിന്റെ വർക്ക് ഷോപ്പുകളിലും മറ്റ് പ്രൈവറ്റ് വർക്ക് ഷോപ്പുകളിലും സജ്ജീകരണം എർപ്പെടുത്തി. ഇത്തരത്തിൽ തിരുവനന്തപുരം മുതൽ കണ്ണൂർ വരെയുള്ള തീരദേശ ജില്ലകളിലും കോട്ടയം ജില്ലയിലുമായി ഭാഗികമായും പൂർണ്ണമായും കേടുപാടുകൾ വന്ന 535 എഞ്ചിനുകളുടെയും 619 വള്ളങ്ങളുടെയും തകരാർ പരിഹരിച്ച് നൽകുകയുണ്ടായി. ഈ ഇനത്തിൽ മാത്രം മത്സ്യഫെഡിന് 2.11 കോടി രൂപ ചെലവായിട്ടുണ്ട്. |
| (ബി) | പ്രളയത്തിൽ ഇൻലാൻഡ്, കേജ് ഫിഷിങ് കർഷകർക്ക് സംഭവിച്ച നാശനഷ്ടങ്ങളുടെ കണക്കുകൾ ശേഖരിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത കർഷകരുടെ നാശനഷ്ടങ്ങൾ പരിഹരിക്കുവാനും ജീവനോപാധി പുനഃസ്ഥാപിക്കാനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ? | (സി) | പ്രളയാനന്തരം ഇൻലാന്റ് കേജ് ഫാമിംഗ് കർഷകർക്ക് സംഭവിച്ച നാശനഷ്ടങ്ങൾ ഉൾപ്പെടെ ഉൾനാടൻ മത്സ്യമേഖലയ്ക്കുണ്ടായ നഷ്ടം നികത്തുന്നതിനായി Restoration Package for Aqua Culture in Kerala എന്ന പദ്ധതി തയ്യാറാക്കുകയും ആയതിന് 40 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുമുണ്ട്. ആയത് കർഷകർക്ക് വിതരണം ചെയ്യുന്നതിനായി ജില്ലകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ, മത്സ്യകർഷകർക്ക് പ്രളയത്തിലുണ്ടായ നാശനഷ്ടങ്ങൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡങ്ങൾക്കനുസരിച്ച് അനുവദനീയമായ 10 കോടി രൂപയുടെ നഷ്ടപരിഹാരവും ജില്ലാ അടിസ്ഥാനത്തിൽ വിതരണം ചെയ്തുവരുന്നു. |

Shailo

**സെക്ഷൻ ഓഫീസർ**